**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 353** **01-07-2024 - ൽ മറുപടിയ്ക്ക്**

**കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്,**<br>**ശ്രീ. മോൻസ് ജോസഫ്,**<br>**ശ്രീ. പി. ജെ. ജോസഫ്,**<br>**ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** | |
| (എ) | അവശ്യസാധനങ്ങളുടെ വിലനിയന്ത്രണത്തിൽ കൺസ്യൂമർ ഫെഡിന്റെ പങ്ക് എത്രത്തോളമാണെന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേരളത്തിലെ പ്രാധാനപ്പെട്ട ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സർക്കാർ സബ്സിഡിയോട്ടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോട്ടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നുണ്ട്. ഉത്സവകാല സബ്സിഡി വിപണികളിലൂടെയും സാധാരണ സമയങ്ങളിൽ പൊതു കമ്പോളത്തേക്കാൾ വിലക്കുറവിലും അവശ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ കൺസ്യൂമർഫെഡ് സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) | വിലനിലവാരം നിയന്ത്രിക്കുന്നതിന് ഈ വർഷം ഉത്സവകാല മാർക്കറ്റുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ഉത്സവ കാലങ്ങളിൽ ഉണ്ടാകുന്ന ക്രമാതീതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ടി സർക്കാർ സബ്സിഡിയോട്ടു കൂടി സഹകരണ വകുപ്പിന്റെ കീഴിൽ കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ച് 13 ഇനം നിത്യോപയോഗ സാധനങ്ങൾ നിയന്ത്രിത അളവിൽ സബ്സിഡിയോട്ടു കൂടി താൽക്കാലികമായി സഹകരണ വിപണികൾ ആരംഭിച്ച് വിൽപന നടത്തുന്നുണ്ട്. ആയതിന് സർക്കാർ ബഡ്ജറ്റിൽ നോൺ പ്ലാൻ ഇനത്തിൽ "*ഉത്സവകാല ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം*" എന്ന ശീർഷകത്തിൽ 75 കോടി രൂപ തൻവർഷവും വകയിരുത്തിയിട്ടുണ്ട്. ഉത്സവകാല വിപണികൾ ആരംഭിക്കുന്നതിന് കൺസ്യൂമർ ഫെഡ് |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയത് പരിശോധിക്കുന്നതാണ്. |
| (സി) | ഈ സർക്കാർ വന്ന ശേഷം കൺസ്യൂമർ ഫെഡിന്റെ ആസ്തി, ബാധ്യതകളിൽ ഉണ്ടായിട്ടുള്ള വ്യത്യാസം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (സി) | കൺസ്യൂമർഫെഡിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് 2017-'18 വർഷം വരെ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. അഡ്മിനിസ്ട്രേറ്റീവ് ഓഡിറ്റ് സമകാലീനമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സഹകരണ ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ത്രിവേണി ശാക്തീകരണ പദ്ധതി, ഗോഡൗണുകളുടെ നവീകരണം, വാതിൽ പടി വിതരണം, നീതി ഗ്യാസ് ബോട്ടിലിംഗ് പ്ലാന്റ് വിപുലീകരണം, ത്രിവേണി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാർമസിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പദ്ധതി, ബ്രോക്കൺ വീറ്റ് ഫാക്ടറി എന്നിങ്ങനെ വിവിധതരം പദ്ധതികൾ നടപ്പിലാക്കുന്നതിന് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ